പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5970 04/07/2019-ൽ മറുപടിക്ക്

## അധിക ഡിവിഷനുകളിലെ നിയമനങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എൽദോ എബ്രഹാം: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 1979-ന് മുമ്പുള്ള എയ്ഡഡ് സ്കൂളുകളിൽ 2016 ന് മുമ്പ് ഉണ്ടായ അധിക ഡിവിഷനുകളിലെ നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതൊക്കെ നിയമനങ്ങൾക്കാണ് അംഗീകാരം നൽകാത്തതെന്നും അതിന് നിലവിലുള്ള നിയമ തടസ്സങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ? | (ബി) കെ.ഇ.ആർ പ്രകാരം ഓരോ വർഷത്തെയും അദ്ധ്യാപകരുടെ എണ്ണം നിശ്ചയിക്കുന്നത് അതത് വർഷം നടക്കുന്ന തസ്തിക നിർണ്ണയത്തിലൂടെയാണ്. 2015-16 വർഷത്തെ തസ്തിക നിർണ്ണയം നടക്കുന്നത് 29-1-2016 ലെ ജി.ഒ (പി) 29/16/പൊ.വി.വ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചാണ്. ഇതനുസരിച്ചുള്ള നിയമനങ്ങൾ സംബന്ധിച്ച് കെ.ഇ.ആർ ചട്ടങ്ങളിൽ ഭേദഗതിയും വരുത്തിയിട്ടുണ്ട്. ഇപ്രകാരം 2016 ന് മുമ്പുണ്ടായ അധിക തസ്തികകൾ ആയാലും നിയമിക്കപ്പെട്ടത് 29-01-2016 ന ശേഷമാണെങ്കിൽ കെ.ഇ.ആർ അധ്യായം XXI, ചട്ടം 7 (2) പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിത ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥ പാലിക്കാതിരുന്നാൽ അംഗീകാരത്തിന് തടസ്സം നേരിടും. |

സെക്ഷൻ ഓഫീസർ